ഐ. ടി. അദ്ധ്യാപകരുടെയും പരിശീലകരുടെയും മാതൃസ്കൂളിലേക്കുള്ള പുനർ നിയമനം

85 [1489] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. റ്റി. അദ്ധ്യാപകരും പരിശീലകരുമായി നിയമിക്കപ്പെട്ടവർക്ക് കാലാവധി കഴിയുമ്പോൾ മാതൃസ്കൂളുകളിൽ തിരികെ നിയമനം നൽകുന്നില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

കരുവന്പൊയിലിൽ ആരംഭിച്ച ഗവൺമെന്റ് ഹൈസ്ക്കൂളിൽ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാൻ നടപടി

86 [1490] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ഗവ: ഹൈസ്ക്കൂൾ വിഭജിച്ച് കരുവന്പൊയിലിൽ പുതുതായി ആരംഭിച്ച ഗവൺമെന്റ് ഹൈസ്ക്കൂളിൽ ആവശ്യത്തിന് അദ്ധ്യാപകരില്ലാത്തതിനാൽ വിദ്യാർത്ഥികൾക്ക് പ്രയാസമുണ്ടാകുന്നതിനെക്കുറിച്ചുള്ള പി. ടി. എ.-യുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹൈസ്ക്കൂളിൽ ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ പ്രൊപ്പോസലുകളുടെ മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) നടപടിയെടുത്തിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ആന്റ് (ഡി) സർക്കാർ തലത്തിൽ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly